"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- വിജിലൻസ് മിന്നൽ പരിശോധനാറിപ്പോർട്ട്- കോഴിക്കോട് നഗരസഭാ ഓഫീസിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നത്- അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.156/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/01/2021

---

പരാമർശം:- 1 വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.03.2020 തീയതിയിലെ ഇ13(എസ്.സി69/19/എൻ.ആർ.കെ) 1445/2020 നം. കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ വകുപ്പിനു കീഴിലുള്ള നഗരസഭകളിൽ കെട്ടിട നിർമാണത്തിനായി അനുമതി നൽകുന്നതിലും,പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചു നല്കുന്നതിലും വ്യാപക അഴിമതി നടക്കുന്നുവെന്ന ആരോപണം സംബന്ധിച്ച് കോഴിക്കോട് നഗരസഭാ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനയിൽ, കോഴിക്കോട് നഗരസഭാ പരിധിയിൽ കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപെട്ട അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിലും ക്രമക്കേടുകൾ കണ്ടെത്തിയത് പ്രകാരം ഉത്തരവാദികളായ ഉദ്ധ്യോഗസ്ഥരുടെയും മറ്റു ഇടപെടലുകൾ വ്യക്തമായി കണ്ടു പിടിക്കുന്നതിനായി വിശദമായ ഒരു പ്രാഥമികാന്വേഷണം നടത്തുന്നതിന് പരാമർശം 2 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കോഴിക്കോട് നഗരസഭാ ഓഫീസിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി 15ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ(ഭരണം) ശ്രീ. ബി.കെ.ബാലരാജിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി നിയമിച്ചു ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. ബി.കെ.ബാലരാജ്, ജോയിന്റ് ഡയറക്ടർ(ഭരണം), നഗരകാര്യഡയറക്ടറേറ്റ്
തിരുവനന്തപുരം (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ